(ബി) എങ്കിൽ എവിടെയെല്ലാം ;

(സി) എത്ര കിലോമീറ്റർ മോഡൽ റോഡുകൾ നിർമ്മിക്കുവാനാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്) :സർ,

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്.

(സി) 1. തിരുവനന്തപുരം - 6 കിലോമീറ്റർ
2. കൊല്ലം - 4 കിലോമീറ്റർ
3. എറണാകുളം - 2.80 കിലോമീറ്റർ
4. തൃശ്ശൂർ - 4.9 കിലോമീറ്റർ
5. കോഴിക്കോട് - 1.66 കിലോമീറ്റർ

ശുദ്ധജല ദൗർലഭ്യം

8 (*187) ശ്രീ. സാജു പോൾ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശുദ്ധജല ദൗർലഭ്യം കാരണം ജനങ്ങൾ ദുരിതമനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശുദ്ധജല ദൗർലഭ്യവും ജലമലിനീകരണവും കാരണം അതിസാരം, കോളറ എന്നീ രോഗങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പടർന്നു പിടിക്കുന്നതായി അറിയാമോ ;

(സി) ശുദ്ധജലക്ഷാമം രൂക്ഷമായിരിക്കുന്ന പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ;

(ഡി) ശുദ്ധജലക്ഷാമം ഏറ്റവും കൂടുതലായി അനുഭവപ്പെടുന്നതായി ഇതിനകം കണ്ടെത്തിയ പ്രദേശങ്ങളേതൊക്കെയാണെന്ന് വിശദമാക്കാമോ ;

(ഇ) കുടിവെള്ളത്തിനുവേണ്ടി കഷ്ടപ്പെടുന്നവരെ സഹായിക്കാൻ വാട്ടർ അതോറിറ്റി എന്തെല്ലാം മുൻകരുതലുകളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(എഫ്) കുടിവെള്ള പ്രശ്നം രൂക്ഷമായ സാഹചര്യത്തിൽ ചെറുകിട ജലപദ്ധതികൾ കൈവിടാനുള്ള വാട്ടർ അതോറിറ്റിയുടെ നീക്കം നിർത്തി വെയ്ക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ചില ഭാഗങ്ങളിൽ ശുദ്ധജല ദൗർലഭ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അറിയാം.

(സി) ശുദ്ധജലക്ഷാമം രൂക്ഷമായിരിക്കുന്നതും ജലവിതരണ പദ്ധതികളൊന്നും നിലവിലില്ലാത്തതുമായ പ്രദേശങ്ങളിൽ ധനലഭ്യതയനുസരിച്ച് പുതിയ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കാനും ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ കഴിയുന്നതും വേഗം പൂർത്തീകരിക്കുന്നതിനും നിലവിലുള്ളവ വിപുലീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അടിയന്തിര ഘട്ടങ്ങളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും റവന്യൂ അധികാരികളും ടാങ്കർ ലോറികളിലും മറ്റും ശുദ്ധജലവിതരണം നടത്തുന്നുണ്ട്.

(ഡി) പ്രദേശങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) കേരള വാട്ടർ അതോറിറ്റി ഈ ലക്ഷ്യം മുൻനിറുത്തി ഇപ്പോൾ പ്രവർത്തനങ്ങൾ നടത്തി വരുന്ന 224 ശുദ്ധജലവിതരണ പദ്ധതികൾ സമയബന്ധിതമായി തീർക്കാൻ നടപടികളെടുത്തുവരുന്നു. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടി ഉദ്ദേശം 1 കോടി ആളുകൾക്ക് പ്രയോജനം ലഭിക്കും. കൂടാതെ 2002-03-ൽ ഭരണാനുമതി ലഭിച്ച കേന്ദ്രഗവൺമെന്റ് ധനസഹായമുള്ള 134 ചെറുകിട ശുദ്ധജലവിതരണ പദ്ധതികളും എൻ. സി./പി. സി വാർഡുകളിലേയ്ക്ക് കുടിവെള്ള വിതരണത്തിനായി 440 പദ്ധതികളും പി. എം. ജി. വൈ. പദ്ധതിയുടെ കീഴിൽ 301 പദ്ധതികളും പുതിയ 4 ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും 'വർഷ' പദ്ധതിയിൽ ഉൾപ്പെടുത്തി 30 പഞ്ചായത്തുകളിൽ 623 യൂണിറ്റുകളും പരമ്പരാഗത സ്രോതസ്സുകളുടെ വിപുലീകരണത്തിനായുള്ള 11-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റുപയോഗിച്ചുള്ള 40 പദ്ധതികളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. എൽ. ഐ. സി., നബാർഡ്, ഹഡ്കോ എന്നിവയിൽ നിന്നും വായ്പാ സഹായം ലഭിക്കുന്ന മുറയ്ക്ക് പുതിയ ജലവിതരണ പദ്ധതികൾ ആരംഭിക്കുന്നതിനും നടപടികളെടുത്തിട്ടുണ്ട്. കൂടാതെ ജെ. ബി. ഐ. സി. സഹായത്തോടെ 5 ബൃഹത്തായ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കാനായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(എഫ്) നിർത്തിവയ്ക്കുവാൻ ഉദ്ദേശിക്കുന്നില്ല.

---

† അനുബന്ധം I കാണുക

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - I

[24-6-2003-ലെനക്ഷത്രചിഹ്നമിട്ട 8(*187) -ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങൾ

താഴെക്കാട്, പുഴക്കാട്ടിരി, പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയുടെ ചില പ്രദേശങ്ങൾ, ആലംകുളം, ഭൂതാൻ കോളനി, തേഞ്ഞിപ്പാലം, മുന്നിയൂർ, വള്ളിക്കുന്ന്, തിരൂരങ്ങാടി, വേങ്ങര, എ. ആർ. നഗർ, ചീക്കോട്ട്, മുതുവല്ലൂർ, കുഴിമണ്ണ, പുളിക്കൽ, പള്ളിക്കൽ, ചെറുകാവ്, വാഴയൂർ, വാഴക്കാട്, ചുങ്കത്തറ, മൂത്തേടം, ഊർങ്ങാട്ടിരി, മഞ്ചാട്, അമരമ്പലം, എടവണ്ണ, തൃക്കലങ്ങോട്, കാവന്നൂർ.

പുൽപ്പള്ളി, മുള്ളൻകൊല്ലി, സുൽത്താൻ ബത്തേരി, നൂൽപ്പുഴ, അമ്പലവയൽ, മീനങ്ങാടി, നെൻമേനി, പുതാടി, കൽപ്പറ്റ, വേങ്ങപ്പള്ളി, പൊഴുതന, വെള്ളാർമല, അച്ചൂരാനം, കണിയമ്പറ്റ, തൃക്കൈപ്പറ്റ, മേപ്പാടി, തിരുനെല്ലി, മാനന്തവാടി, പൊരുന്നന്നൂർ.

ഇരിങ്ങൽ, പയ്യോളി, തിക്കോടി, മൂടാടി, മേപ്പയ്യൂർ, കൊഴുകല്ലൂർ, അലിക്കുളം, തുറയൂർ, കീഴരിയൂർ, പന്തലായനി, മിയ്യൂർ, ചെക്കോട്ടുകാവ്, ചേമഞ്ചേരി, ഉള്ളേരി, നടുവണ്ണൂർ, അത്തോളി, കോട്ടൂർ, ബാലുശ്ശേരി, പനങ്ങാട്, ഉണ്ണിക്കുളം, അഴിയൂർ, എറാമല, ഒഞ്ചിയം, ചോറോട്, വില്യാപ്പള്ളി, തിരുവള്ളൂർ, ആയഞ്ചോലി, മണിയൂർ, വളയം, വാണിമേൽ, നാദാപുരം, പുറമേരി, നൊയ്യാട്, മേഞ്ഞാണ്യം, എരവൂർ, തിരുർ, നരിപ്പറ്റ, കായക്കൊടി, കൂരാച്ചുണ്ട്, കായണ്ണ, കാന്തലോട്, ചക്കിട്ടപ്പാറ, കാവിലുംപാറ, മരുതോങ്കര

മാറഞ്ചേരി പഞ്ചായത്തിലെ പട്ടത്തേയി കോളനി, പെരുമ്പടപ്പ് പഞ്ചായത്തിലെ ആശാരിത്തറ കോളനി, വെളിയങ്കോട് പഞ്ചായത്തിലെ ഗ്രാമം, ദേശം, പാലക്കയം, തച്ചമ്പാറ, കാരക്കുറിശ്ശി, പൊറ്റശ്ശേരി, കുമപുത്തൂർ, പയ്യനടം, കോട്ടോപ്പാടം, അലനല്ലൂർ, മണ്ണൂർക്കാട്, തച്ചനാട്ടുകര, അഗളി, ഷോളയൂർ, പുതൂർ, കരിമ്പം.

മുതലമട പഞ്ചായത്ത് കുഴൽമന്ദം, കേരളശ്ശേരി, കാട്ടായി, മാത്തൂർ, പറളി, കോങ്ങാട്, മുണ്ടൂർ, മങ്കര, കുത്തന്നൂർ, കണ്ണമ്പ്ര, പട്ടഞ്ചേരി

കാറഡുക്ക, ബേദടുക്ക, പടന്ന, തൃക്കരിപ്പൂർ, വലിയപറമ്പ്, ചെങ്കള, ചെമ്മനാട്, എൻമകജെ, ഉദുമ, അജനൂർ, ബദിയടുക്ക, മഞ്ചേശ്വരം, മംഗൾപ്പാടി, കിനാസൂർ, കരിന്തളം, കുമ്പള, വെസ്റ്റ് എളേരി എന്നീ പഞ്ചായത്തുകൾ

അഴീക്കോട്, വളപട്ടം, കണ്ണപുരം, രാമന്തളി, ആലപ്പട, പെരിഞ്ഞേനം, എടക്കാട്

തലശ്ശേരി, കൂത്തുപറമ്പ്, പാട്യം, കോട്ടയം, തിരുർ, ചാവശ്ശേരി, തൃപ്പങ്ങോട്ടൂർ, അയ്യൻകുന്ന്

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചികോർപ്പറേഷൻ പടിഞ്ഞാറൻ മേഖല, തൃപ്പൂണിത്തുറ, വൈപ്പിൻ, വടക്കൻ പറവൂർ, വൈക്കവും സമീപപ്രദേശങ്ങളും, മാള, പുത്തൻചിറ, അന്നമനട, വെള്ളാങ്ങല്ലൂർ, ചൊകല്ലൂർ, ഒല്ലൂർ, കൊരട്ടി, ആളൂർ, കോടശ്ശേരി, മറ്റത്തൂർ, കൊടകര, പരിയാരം, ഇട്ടിവാ, ഇളമാട്, ചിവന്നൂർ, മൈലം, പട്ടാഴി, പവിത്രേശ്വരം, പേരയം, ഈസ്റ്റ് കല്ലട, പുള്ളിപ്പാറ, മിത്രപുര, ഉദയഗിരി, പാറക്കൂട്ടം, ചക്കൻചിറമാല, പുന്നത്തോട്, നെടുക്കുന്നുമല, ഏഴംകുളം, പുതുമല, ഇടയ്ക്കാവ്, കടമ്പനാട്, കന്നിമല, മോതിരച്ചുള്ളിമല, പട്ടാഴി വടക്ക്, പട്ടാഴിതെക്ക്, അയ്യപ്പൻപാറ, മുള്ളുവിള, കിളികള്ളൂർ, കണ്ടച്ചിറ, കുരീപ്പുഴ.

കൊടുമൺ, വള്ളിക്കോട്, തണ്ണിത്തോട്, സീതത്തോട് എന്നീ പഞ്ചായത്തുകളിലും, കുമരകം തിരുവാർപ്പ്, പനച്ചിക്കാട്, കുന്നംപള്ളി പ്രദേശം, വിജയപുരം പഞ്ചായത്തിലെ സെമിതാരിക്കുന്ന്, ഉണ്ണിക്കുന്ന്, കുമാരനല്ലൂർ പഞ്ചായത്തിലെ ജീവധാരപ്രദേശം, അയർക്കുന്നം, പാമ്പാടി, കുരോപ്പട, മീനടം പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ, കുട്ടച്ചിറ, അതിരമ്പുഴ, അയ്മനം, പാലാ, കവീക്കുന്ന്, നെല്ലിയാനി, മുന്താനി, നശിമലക്കുത്ത് കോളനി, ചാത്തൻകുളം, തേവരുപാറ, തീക്കോയി, ചിറക്കടവ്, കാഞ്ഞിരപ്പള്ളി, കരൂർ, കുരട്ടിശ്ശേരി, തുറവൂർ, അഴീക്കൽ, കോടംതുരുത്ത്, കടക്കരപ്പള്ളി, കണ്ടല്ലൂർ, ആറാട്ടുപ്പുഴ, മന്നവേലിക്കടവ്, കണ്ടപ്പുറം, രാമൻചേരി, കുമാരപുരം, കായംകുളം, തൃക്കുന്നപ്പുഴ, മുതുകുളം, കരുവാറ്റ, അമ്പലപ്പുഴതെക്ക്, അമ്പലപ്പുഴ വടക്ക്, പുന്നപ്ര, പുറക്കാട്, താമരക്കുളം, ചുനക്കര, നൂറനാട്, വള്ളിക്കുന്നം, തഴക്കര പഞ്ചായത്തിലെ ചില പ്രദേശങ്ങൾ കുറ്റൂർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങൾ, പുന്നവേലി കോട്ടാങ്ങൽ പഞ്ചായത്തിലെ പഞ്ചായത്തിലെ കല്ലൂപ്പാറ, ചുങ്കംപ്പാറ പഞ്ചായത്തിലെ തുരുത്തിൽ, കാരമല, ചേറ്റുതട്ടം, ആലുവിള, കാച്ചാണി, തിരുമല, സോണറ്റ്, കീഴിൽ പാറാമല, പുന്നയ്ക്കാമുഗൾ, കുണ്ടമൺകടവ് തുടങ്ങിയ ഉയർന്ന പ്രദേശങ്ങളും തമലം, പൂജപ്പുര, കരുമം, കാരയ്ക്കാമണ്ഡപം, ചെട്ടിക്കുന്ന്, ചെന്നിലോട്, കുന്നുംപുറം, പുലയനാർകോട്ട, ഹിൽടോപ്പ്, കോവളം തീരപ്രദേശം, മുട്ടയ്ക്കാട്, ആഴാകുളം, ബീമാപ്പള്ളി, മാണിക്യവിളാകം, പാച്ചല്ലൂർ കരിഭാഗം, കേരളാദിത്യപുരം, നാലാഞ്ചിറ, ബെനഡിക്ട്നഗർ, കുടപ്പനക്കുന്ന്, തുരപ്പാൻകുഴി എന്നീ പ്രദേശങ്ങളിലും നെയ്യാറ്റിൻകര താലൂക്കിലെ തീരപ്രദേശമായ വിഴിഞ്ഞം സമീപപ്രദേശങ്ങൾ, പാറശ്ശാല കൂടാതെ ഉയർന്ന പ്രദേശങ്ങളായ അമ്പൂരി, ഒറ്റശേഖരമംഗലം ഇവയുടെ സമീപപ്രദേശങ്ങൾ ചിറയിൻകീഴ് താലൂക്കിൽപ്പെട്ട വർക്കല മുനിസിപ്പാലിറ്റിയുടെ ചില വാർഡുകൾ, ഇടവ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങൾ, ഉലകമൺ പഞ്ചായത്തിലെ ഉയർന്ന ഭാഗങ്ങൾ ഒറ്റൂർ, മണമ്പൂർ ചെമ്മരുതി എന്നീ പഞ്ചായത്തുകളിലും ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ തോട്ടവാരം, കുന്നുവാരം, ആലങ്കോട് എന്നീ പഞ്ചായത്തുകളിലും നെടുമങ്ങാട് നഗരസഭാ പ്രദേശങ്ങളായ മുള്ളുക്ക്, വേങ്കോട്, മേലാംകോട് പഞ്ചായത്ത് പ്രദേശങ്ങളിലും കരകുളം പഞ്ചായത്തിലെ ചിറ്റാഴ, അരുവിയോട്, കൽപ്പട, മുക്കോല വിവേകാനന്ദനഗർ, പാലോട് പഞ്ചായത്തിലെ പനവൂർ, അജയപുരം, ആനാട് പഞ്ചായത്തിലെ കൊല്ല, നന്ദിയോട് പഞ്ചായത്തിലെ പച്ചയിൽ ക്ഷേത്രഭാഗം, വിതുരമൂന്നാംനമ്പർ പ്രദേശം, പെരിങ്ങമല പഞ്ചായത്തിലെ കടയ്ക്കൽ, ഞാറയ്ക്കൽ, വാമനപുരം പഞ്ചായത്തിലെ ചിലഭാഗങ്ങൾ, പള്ളിക്കര, കരവാരം

LIBRARY ARCHIVES Kerala Legislative Assembly